(ബി) റഗുലേറ്ററി കമ്മീഷന് മുൻപാകെ ഏറ്റവും ഒടുവിൽ ബോർഡ് സമർപ്പിച്ച റവന്യു ചെലവും, റവന്യു വരവും ബോർഡിന്റെ ആസ്തി ബാദ്ധ്യതകളും സംബന്ധിച്ച സ്റ്റേറ്റുമെന്റിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) വൈദ്യുതി നിരക്കിൽ മാറ്റംവരുത്തിയതിനെ തുടർന്ന് ബോർഡിന് പ്രതി വർഷം എന്ത് തുക വരുമാനത്തിൽ കുറവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്;

(ഡി) വരുമാന കമ്മി തുക സർക്കാർ ബോർഡിന് നൽകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) 30-11-2005-ലെ കണക്കുകൾ പ്രകാരം ബോർഡിന്റെ വിവിധ സ്ഥാപന ങ്ങൾക്കുള്ള ബാദ്ധ്യത 3751.93 കോടി രൂപയാണ്. വിശദമായ വിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.† എൻ. ടി. പി. സി.-ക്ക് ബാദ്ധ്യതയൊന്നുമില്ല.

(ബി) ഏറ്റവും ഒടുവിലായി സമർപ്പിച്ച 2006-07 വർഷത്തേക്കുള്ള എ. ആർ. ആറും ഇ. ആർ. സി.-യും പ്രകാരം ബോർഡിന്റെ റവന്യു ചെലവും റവന്യു വരവും ആസ്തി ബാദ്ധ്യതകളും കാണിക്കുന്ന സ്റ്റേറ്റുമെന്റിന്റെ കോപ്പികൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.††

(സി) വൈദ്യുതി നിരക്കിൽ കുറവ് വരുത്തിയതിനെത്തുടർന്ന് ബോർഡിന്റെ വരുമാനത്തിൽ 2005-06 സാമ്പത്തിക വർഷത്തിൽ 30 കോടി രൂപയുടേയും 2006-07 വർഷത്തിൽ ഉദ്ദേശം 120 കോടി രൂപയുടേയും കുറവു വരുമെന്നാണ് ബോർഡ് കണക്കാക്കിയിട്ടുള്ളത്.

(ഡി) ഉണ്ട്.

വൈദ്യുതി ചാർജ്ജ് കുടിശ്ശിക

81 [389] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 31-12-2005 വരെ പൊതുമേഖല, സഹകരണ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരിൽ നിന്നും വൈദ്യുതി ചാർജ്ജ് ഇനത്തിൽ എത്ര കോടി രൂപ കുടിശ്ശികയിനത്തിൽ ലഭിക്കാനുണ്ട്;

(ബി) 25 ലക്ഷം രൂപയിൽ കൂടുതൽ കുടിശ്ശികയുള്ളവർ ആരൊക്കെയാ ണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ എത്ര കോടി രൂപ കുടിശ്ശിക യുണ്ടെന്നും അതിൽ എത്ര കോടി പിരിച്ചെടുത്തെന്നും വ്യക്തമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

†† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

389-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുതൽ (സി) വരെ 31-3-2002 മുതൽ 30-9-2005 വരെയുള്ള കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ സർക്കാരിന്റെ കീഴിലുള്ള വിവിധ വകുപ്പുകളിൽ നിന്നും 561.73 കോടി രൂപ കുടിശ്ശികയിനത്തിൽ ലഭിക്കാനുണ്ട്. ഈ കാലയളവിൽ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും 619.16 കോടി രൂപ കുടിശ്ശികയിനത്തിൽ ലഭിക്കാനുണ്ട്. പിരിച്ചെടുത്ത കുടിശ്ശികയെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്. 25 ലക്ഷം രൂപയിൽ കൂടുതൽ കുടിശ്ശികയുള്ളവരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

വൈദ്യുതി ബോർഡ് വിഭജനവും ശമ്പള പരിഷ്കരണവും

92 [391] ശ്രീ. പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിനെ മൂന്ന് മേഖലകളായി തിരിക്കുന്ന നടപടികൾ ഏത് ഘട്ടം വരെയായി;

(ബി) ഇങ്ങനെ ചെയ്യുന്നതുകൊണ്ട് എന്തു പ്രയോജനമാണുള്ളത്;

(സി) വൈദ്യുതി ബോർഡിൽ ശമ്പള പരിഷ്കരണം എന്നുമുതലാണ് കൊടുക്കേണ്ടത്;

(ഡി) ശമ്പള പരിഷ്കരണം നടത്തിയിട്ട് എത്ര കൊല്ലമായി?

ഉത്തരം

(എ)-യും (ബി)-യും 1948-ലെ ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് സെക്ഷൻ 5 അനുസരിച്ചാണ് ഇലക്ട്രിസിറ്റി ബോർഡ് രൂപീകരിച്ചത്. ഇലക്ട്രിസിറ്റി ആക്ട് 2003 നിലവിൽ വന്നതോടുകൂടി 1948-ലെ സപ്ലൈ ആക്ട് നിലവിലില്ലാതായി. ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 172 (എ) പ്രകാരം വൈദ്യുതി ബോർഡുകൾക്ക് സ്റ്റേറ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റിയും ലൈസൻസിയും ആയി ഒരു വർഷത്തേക്കോ അതിനു ശേഷം സെൻട്രൽ ഗവൺമെന്റും സ്റ്റേറ്റ് ഗവൺമെന്റും പരസ്പര ധാരണയിൽ നിശ്ചിച്ച കാലയളവുവരെയോ തുടരുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ 9-6-2006 വരെ ട്രാൻസ്മിഷൻ യൂട്ടിലിറ്റിയും ലൈസൻസിയും ആയി തുടരുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തോടെ സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു.

(ഡി) വൈദ്യുതി ബോർഡിൽ ശമ്പള പരിഷ്കരണം അവസാനമായി നടന്നത് 11-8-2000-ലാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(392), (393) എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly